പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1508 — 05-02-2019-ലെ മറുപടിയ്ക്ക്

**പ്രളയാനന്തരം കാർഷിക മേഖലയുടെ പുനരുദ്ധാരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അൻവർ സാദത്ത്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പിലാക്കി വരുന്നു . പ്രളയാനന്തരം അടിയന്തിരമായി അനുവർത്തിക്കേണ്ട കാർഷിക മുറകളെക്കുറിച്ച് കർഷകർക്ക് ബോധവത്കരണം നടത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാല കൃഷി വിജ്ഞാന കേന്ദ്രം എന്നിവിടങ്ങളിൽ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ക്ലാസുകളും, സെമിനാറുകളും, പ്രായോഗിക പ്രദർശനങ്ങളും സംഘടിപ്പിച്ചു.<br>വെള്ളപ്പൊക്കക്കെടുതി മൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19 -ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകി. ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്‌മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുന:രുദ്ധാരണത്തിന് കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച 102.00 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ ലോകബാങ്ക് സഹായത്തോടെ നടത്തുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഇതിനായി ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ;വിശദാംശം നൽകുമോ ; | (ബി) | ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന 'റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്'ൽ കാർഷിക മേഖലയുടെ പുനർനിർമ്മാണവും ഉൾപ്പെടുന്നു. 'വിഷൻ ന്യൂ കേരള'യ്ക്കായി സെക്ടറൽ പ്ലാനുകൾ തയ്യാറാക്കുന്നതിന് പ്രളയാനന്തരം കേരളം നേരിടുന്ന പ്രശ്നങ്ങൾ, ഉദ്ദേശിക്കുന്ന പരിഹാരങ്ങൾ, ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്നിവ തയ്യാറാക്കി വിവിധ ഘടകങ്ങളായി തിരിച്ച പല ഘട്ടങ്ങളിലായി ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തി പദ്ധതി രൂപീകരണത്തിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടത്തിൽ കൃഷിക്ക് മുൻതൂക്കം നൽകിയുള്ള വികസന പ്രവർത്തനങ്ങളാണോ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) & (ഡി) | കുട്ടനാടൻ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കാർഷികോത്പാദന കമ്മീഷണർ കൺവീനറായ കോർ കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രത്യേക പദ്ധതിയുടെ കരട് ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കുന്നതിനായി അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | കുട്ടനാട് പാക്കേജിന്റെ ഒന്നാം ഘട്ടത്തിൽ കാർഷികമേഖലയിൽ സംഭവിച്ച പാളിച്ചകൾ പരിശോധിച്ച് അത് ആവർത്തിക്കാതിരിക്കുവാൻ പ്രത്യേക ജാഗ്രത പുലർത്തുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ